DESPATCHED On. 10/06/2020

17/03/2020.



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

**ഹർജി നമ്പർ AP. 49*(2)/2019*/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. 22/എസ്.ഐ.സി–ജി 6/2019)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ. സക്കീർ ഹുസൈൻ**
**'അറഫ', ചീരത്തലയ്ക്കൽ**
**കുതിരക്കുളം പി.ഒ,**
**വെമ്പായം, തിരുവനന്തപുരം–695615** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജിയോളജിസ്റ്റ്,**
**മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ജില്ലാ ഓഫീസ്,**
**കേശവദാസപുരം, പട്ടം പാലസ് പി.ഒ,**
**തിരുവനന്തപുരം**

2. **അപ്പീൽ അധികാരി & ഡെപ്യൂട്ടി ഡയറക്ടർ,**
**മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടറേറ്റ്**
**കേശവദാസപുരം, പട്ടം പാലസ് പി.ഒ,**
**തിരുവനന്തപുരം**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 25.07.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 21.08.2018,22.09.2018 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 23.10.2018 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 29.10.2018 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 01.01.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 01.01.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 31.08.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 23.09.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 24.09.2019 – കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 25.07.2018 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് നെടുമങ്ങാട് താലൂക്കിൽ മാണിക്കൽ വില്ലേജിൽ കറ്റയിൽ ഭാഗത്ത് പ്രവർത്തക്കുന്ന സി.എ സ്.റോക്ക്സ് എന്ന സ്ഥാപനത്തിനെക്കുറിച്ച് ഇനം 1ൽ ടി സ്ഥാപനം പ്രവർത്തനത്തിനായി അനുവദിച്ച രേഖകളുടെ പകർപ്പ് ഇനം 2ൽ അനുവാദം നൽകിയത് ഏതൊക്കെ സർവ്വേ നമ്പറിൽ നിന്നാണെന്നുള്ളതിന്റെ വിശദീകരണവും ഇനം 3ൽ ഖനനം ചെയ്യുന്നതിനായി ഏർപ്പെടുത്തിയ നിബന്ധനകൾ ഏതൊക്കെയാണ് എന്നീ വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 21.08.2018 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, സി.എസ് റോക്ക്സ് എന്ന സ്ഥാപനത്തിന് അനുമതി നൽകിയിട്ടില്ലെന്നും കവനന്റ് സ്റ്റോൺ എന്നസ്ഥാപനമാണെങ്കിൽ നൽകിയിട്ടുണ്ടെന്നുമാണ്. ഇനം 1,2 ഇനങ്ങൾക്ക് നൽകിയ മറുപടിയിൽ, ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് പേജ് 1ന് 2 രൂപ നിരക്കിൽ 8 രൂപ ഒടുക്കി ചെല്ലാൻ ഹാജരാക്കുന്ന മുറയ്ക്ക് നൽകുന്നതാണെന്നും, ഇനം 3 ൽ 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾക്ക് വിധേയമായാണ് അനുമതി നൽകിയതെന്നും അറിയിച്ചു. ഹർജിക്കാരൻ പണമടച്ച് ചെല്ലാൻ ഹാജരാക്കിയ മുറയ്ക്ക് 22.09.2018ന് ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് നൽകുകയും ചെയ്തു.

4. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 23.10.2018 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിൽ അറിയിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ നൽകിയ മറുപടി തൃപ്തികരമല്ല എന്നും 3മത്തെ ചോദ്യത്തിന് രേഖകൾ നൽകിയില്ലെന്നും പൂർണ്ണമായ മറുപടി നൽകണമെന്നുമാണ്.

5. മേൽപ്പടി അപ്പീൽ അപേക്ഷയിൻമേൽ രണ്ടാം എതിർകക്ഷി 29.10.2018 തീയതി നൽകിയ മറുപടിയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ വ്യക്തമായി സമയബന്ധിതമായി നൽകാൻ എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകി. ആയതിൻ പ്രകാരം 13.11.2018 ൽ എസ്.പി.ഐ.ഒ, ടി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ വിശദമായി നൽകുകയു

ണ്ടായി. എന്നാൽ ടി വിവരം ഹർജിക്കാരന് ലഭിച്ചില്ല എന്ന് ബോധിപ്പിച്ചാണ് 7.01.2019 ന് കമ്മീഷൻ മുമ്പാകെ അപേക്ഷ സമർപ്പിച്ചത്.

6. 23.09.2019 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ കവനന്റ് സ്റ്റോൺസ് എന്ന സ്ഥാപനത്തെ സംബന്ധിക്കുന്ന വിവരങ്ങളും, ഹർജിക്കാരന് ടി ആഫീസിൽ നിന്നും നൽകിയ കത്തുകളുടെ പകർപ്പുകളും, ക്വാറിയിംഗ് ലീസ്, ഡീലേഴ്സ് ലൈസൻസ് എന്നിവയുൾപ്പെടെ വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയും ആയതിന്റെ പകർപ്പ് ഹർജിക്കാരന് നൽകുകയും ചെയ്തു.

7. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിട്ട് കേട്ടതിലും ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ എതിർകക്ഷി നൽകിയതായി കാണുന്നതിനാലും ആയത് ഹർജിക്കാരന് തൃപ്തികരമാണെന്ന് അറിയിച്ചതിനാലും ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഇന്നേ ദിവസം 2020 മാർച്ച് 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

res